ശ്രീ. കെ. സുകുമാരനുണ്ണി: 5 കൊല്ലത്തിന്റെ കാര്യം പറഞ്ഞു. മദിരാശി ഗവൺമെന്റിന്റെ കാലത്ത് മലബാറിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഡെപ്യൂട്ടി തഹസിൽദാർമാർ, തഹസിൽദാർമാർ എന്നീ വിഭാഗങ്ങളിൽപ്പെട്ട ആളുകൾ 19.20.22 കൊല്ലക്കാലമായി സ്ഥിരപ്പെടുത്തിയിട്ടില്ലെന്നുള്ള ആക്ഷേപം . ഉണ്ടായിട്ടുണ്ട്. അതിൻമേൽ അന്വേഷണം നടത്തി നടപടി എടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതൊരു പരമാർത്ഥമാണ്. ദീർഘകാലം സർവ്വീസിലിരുന്നു കഴിഞ്ഞിട്ടും അവരെ സ്ഥിരപ്പെടുത്തുന്നില്ലെന്നുള്ള പരാതി ഉണ്ടായിട്ടുണ്ട്. ആ പരാതിക്ക് പരിഹാരം ഉണ്ടാക്കാൻ വേണ്ടിയാണ് 1977-ൽ ഗവൺമെന്റ് ഇങ്ങനെയൊരു തീരുമാനം എടുത്തത്. കുറെ പരാതികൾക്ക് ഇതുകൊണ്ട് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞു. ബാക്കിയുള്ളത് എന്തു ചെയ്യാമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. പി. ആർ. കുറുപ്പ്: പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ഫയലിലെ ആഡ്വേഴ്സ് റിമാർക്സ് കൂടി മാനദണ്ഡമായി കണക്കാക്കുന്നുണ്ട്. അത്തരം ഫയലുകളിലുള്ള ഈ ആഡ്വേഴ്സ് റിമാർക്സ് കൊണ്ട് ഗവൺമെന്റ് ജീവനക്കാർക്ക് കിട്ടാൻ അർഹതപ്പെട്ട സ്ഥാനങ്ങൾ കിട്ടാതെ പോകുന്നതുകൊണ്ട് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുവേണ്ടി തീരുമാനം എടുക്കാൻവേണ്ടി ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കാര്യത്തിൽ അത്ര വളരെ പരാതി ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് സ്ഥിരം സംവിധാനം വേണമെന്നു തോന്നുന്നില്ല. ഏതെങ്കിലും പ്രത്യേക പരാതി ഉണ്ടെങ്കിൽ അത് അപ്പപ്പോൾ പരിശോധിക്കുന്നതാണ്.

പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുള്ള സംവരണം

*421 [442] ശ്രീ. സി. വാസുദേവമേനോൻ:
ശ്രീ. എം. കെ. കൃഷ്ണൻ:
ശ്രീ. കെ. അനിരുദ്ധൻ:
ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കാൻവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിതരാകുന്നവരുടെ തുടർന്നുള്ള പ്രൊമോഷനു വിവിധ വകുപ്പുകളിൽ നിലവിലുള്ള ഡിപ്പാർട്ടുമെന്റ് സ്പെഷ്യൽ റൂളുകൾ വിഘാതമുണ്ടാക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനു പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി ഇതിനകം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): (എ, ബി, സി) വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. സി. വാസുദേവമേനോൻ: നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയുന്ന സമയത്ത് അതിനേക്കാൾ ഗുണകരമായ രീതിയിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ആനുകൂല്യം ലഭിക്കുമെന്ന് ഗവൺമെൻറ് ഉറപ്പു നൽകി. എന്നാൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി റിക്രൂട്ടു ചെയ്തിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രൊമോഷനു സ്ഥിരമായ ലാവണം ഉണ്ടായിട്ടും ഇവർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത കാരണം പറഞ്ഞുകൊണ്ട് പുറമേ നിന്നും ആളുകളെ എടുക്കുന്ന സമ്പ്രദായമുണ്ട്. അത്തരത്തിലുള്ള ക്രമക്കേടുകൾ തിരുത്തുന്നതിന് ഗവൺമെൻറ് എന്തെങ്കിലും നടപടി എടുക്കുമോ; ആ കാര്യം പരിശോധിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതിൽ എന്തെങ്കിലും ക്രമക്കേടുകളുള്ളതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടാൽ എത്രയും വേഗം ക്രമക്കേട് തിരുത്തുകയും പരിഹാരം ഉണ്ടാക്കുകയും ചെയ്യാറുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെൻറ് ഉൾപ്പെടെയുള്ള എല്ലാവർക്കും മുകളിലേക്കുള്ള പ്രൊമോഷൻ സീനിയോറിറ്റി അനുസരിച്ച് ആണ് കിട്ടിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സി. വാസുദേവമേനോൻ: പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കു വേണ്ടി 10 ശതമാനം സംവരണമുണ്ടെന്നു പറയുന്നുണ്ടെങ്കിൽ തന്നെയും അഞ്ചു ശതമാനം പോലും കിട്ടിയിട്ടില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; സ്ഥിരം പ്രൊമോഷൻ പോസ്റ്റുകൾ ഉള്ള സ്ഥലത്ത് ഇവർക്ക് പ്രൊമോഷൻ കൊടുക്കാതെ പുറമേ നിന്നും നിയമനം നടത്തുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ക്രമക്കേടുകൾ തിരുത്തുവാൻ നടപടി എടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇങ്ങനെ അടച്ചു പിടിച്ച് 5 ശതമാനം എന്നു പറയുന്നത് ശരിയാണെന്നു തോന്നുന്നില്ല. ഏതെങ്കിലും ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിലോ ഒരു പ്രത്യേക തസ്തികയിലോ ഈ പറഞ്ഞ കുറവുണ്ടെന്നു പറഞ്ഞാൽ മനസ്സിലാക്കാം. ചിലയിടത്ത് അങ്ങിനെ ഉണ്ടാകാം. പൊതുവിൽ 5 ശതമാനം എന്നു പറയുന്നത് ശരിയല്ല. എവിടെയെങ്കിലും വേക്കൻസി ഉണ്ടായാൽ ആ വേക്കൻസി ഫില്ലപ്പ് ചെയ്യാൻവേണ്ടി സീനിയോറിറ്റി ഉള്ളവർക്ക് കൊടുക്കാതെ മറ്റാർക്കെങ്കിലും കൊടുത്തിട്ടുള്ള കേസ്സുണ്ടെങ്കിൽ അതിനെക്കുറിച്ച് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കുന്നതാണ്. പിന്നെ ചില പോസ്റ്റുകളിൽ ഡെപ്യൂട്ടേഷനിൽ ആളുകളെ കൊണ്ടുവരും. ഡെപ്യൂട്ടേഷനിൽ ഒരാളെ കിട്ടേണ്ടത് ആവശ്യമാണെന്നു തോന്നുന്നത് കൊണ്ടായിരിക്കാം അപ്രകാരം ചെയ്യുന്നത്.

ശ്രീ. എം. കെ. കൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ ചോദ്യത്തിന് ഇപ്രകാരമൊരു മറുപടി പറഞ്ഞത് നിർഭാഗ്യകരമായിപ്പോയി. വിവരം ശേഖരിച്ചു വരുന്നുവെന്നാണ് പറഞ്ഞത്. ഈ ഓർഡർ നടപ്പിലാക്കിയതിനുശേഷം റിക്രൂട്ടു ചെയ്യപ്പെട്ട, നിരവധി

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗക്കാർ ആയ ആളുകൾക്ക് ഡിപ്പാർട്ടുമെൻറ് സ്പെഷ്യൽ റൂൾസ് തടസ്സമായതുകൊണ്ട് പ്രൊമോഷൻ കാര്യത്തിലും തടസ്സം വരുന്നുണ്ട്. അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയ കാര്യമാണ്. അപ്പോഴാ ഈ വിവരം എവിടെനിന്നാണ് ശേഖരിച്ചു വരുന്നത്. സെക്രട്ടേറിയറ്റിൽ തന്നെ ഇതിനു വേണ്ടി ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ റൂൾസ് അമെൻറു ചെയ്യുന്നില്ലയെങ്കിൽ ഇവരുടെ ഭാവി പ്രൊമോഷൻ തടസ്സപ്പെടുമെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ഡിപ്പാർട്ടുമെൻറ് സ്പെഷ്യൽ റൂൾസ് സംവിധാനത്തിൻെറ കാര്യത്തിൽ ഭേദഗതി വരുത്തുവാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ ചോദ്യം വിവിധ വകുപ്പുകളിൽ നിലവിലുള്ള ഡിപ്പാർട്ടുമെൻറ് സ്പെഷ്യൽ റൂളുകൾ വിഘാതമുണ്ടാക്കുന്നുണ്ടോ എന്നുള്ളതാണ്. അതിനെ സംബന്ധിച്ച് വിവരം ശേഖരിക്കേണ്ടതുണ്ട്. അതിനുള്ള എർപ്പാടുകൾ ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് എല്ലായിടത്തും വിഘാതമുണ്ടാക്കുന്നുണ്ടെന്നു തോന്നുന്നില്ല. ഈ കാര്യത്തിൽ എവിടെയെങ്കിലും പ്രത്യേക തടസ്സമുണ്ടെങ്കിൽ അതിനെക്കുറിച്ചു പരിശോധിക്കാം. സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് മുമ്പോട്ടു പോകുന്നതിന് അനാവശ്യമായ തടസ്സങ്ങളുണ്ടാകാതിരിക്കുവാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: സെക്രട്ടേറിയറ്റിൽ തന്നെ വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ഇത്തരം നിയമനം നടത്തുന്ന കാര്യത്തിൽ കേ—ഓർഡിനേഷന് വേണ്ട സംവിധാനം ഉണ്ടോയെന്നു പരിശോധിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതിനെക്കുറിച്ചു പ്രത്യേകമായ പരിശോധന നടത്തിയതിനുശേഷം മാത്രമാണ് വിവിധ ഡിപ്പാർട്ടുമെൻറുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. അനിരുദ്ധൻ: ഷെഡ്യൂൾഡ് കാസ്റ്റ്—ഷെഡ്യൂൾഡ് ട്രൈബ്സിന് മതിയായ പ്രാതിനിധ്യം ഇല്ലാത്ത ഡിപ്പാർട്ടുമെൻറുകളിൽ പത്ത് ശതമാനം സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്താൻ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ ഇനിയും പാലിച്ചിട്ടില്ലാത്ത വകുപ്പുകളിൽ ഒരു പ്രത്യേക കാലാവധിക്കുള്ളിൽ ഈ പത്തു ശതമാനം പൂർത്തീകരിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: നിരന്തരമായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണിത്. ഓരോ ഡിപ്പാർട്ടുമെൻറിലും പത്തു ശതമാനം ഉണ്ടോയെന്നു പരിശോധിക്കുകയും പത്ത് ശതമാനം ഇല്ലെങ്കിൽ അതു നികത്തുവാൻ വേണ്ടി സ്പെഷ്യൻ റിക്രൂട്ട്മെൻറ് നടത്തുകയും ചെയ്യുന്നുണ്ട്. പിന്നെ നിശ്ചിത കാലാവധിക്കുള്ളിൽ എന്നു പറയുവാൻ വിഷമമുണ്ട്.

ശ്രീ. കെ. അനിരുദ്ധൻ: ഈ പരിപാടി 1970 ൽ ആരംഭിച്ചതാണ്. അതനുസരിച്ച് ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ഇത് പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതിനെക്കുറിച്ചു കൃത്യമായ ഡേറ്റ് പറയാൻ പ്രയാസമാണ്. എത്രയും പെട്ടെന്നു ഇതിന്റെ കുറവുകൾ പരിഹരിക്കണമെന്നു പറഞ്ഞുകൊണ്ട് ആവർത്തിച്ചാവർത്തിച്ച് നിർദ്ദേശം കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കരുണാകരൻ: സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഗസറ്റഡ് പോസ്റ്റിൽ നിയമനം ലഭിച്ചു കഴിഞ്ഞതിനുശേഷം പ്രൊബേഷന്റെ കാരണം പറഞ്ഞ് പ്രൊബേഷൻ നിഷേധിച്ചിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള കാലതാമസത്തെക്കുറിച്ചു മറ്റൊരു ചോദ്യത്തിന് ഉത്തരം പറഞ്ഞു കഴിഞ്ഞു. കാലതാമസം ഉണ്ടാക്കി നിഷേധിച്ചതായി ഗവൺമെന്റിന് പരാതി ലഭിച്ചിട്ടില്ല. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ പരിഹാരം ഉണ്ടാക്കുന്നതായിരിക്കും.

ശ്രീ. പി. കരുണാകരൻ: ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നത്. പൊതുവിൽ എത്ര ശതമാനം കൊടുത്തു, ഇനി എത്ര ശതമാനം കൊടുക്കണം എന്നു വ്യക്തമാക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതിനു മറുപടി പറയുവാൻ നോട്ടീസ് വേണം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിച്ച ഹരിജനങ്ങൾക്ക് പ്രൊമോഷന്റെ കാര്യത്തിൽ തടസ്സമുണ്ടാകുന്നുവെന്നു പറയുകയുണ്ടായി. സെൻട്രൽ ഗവൺമെന്റും മറ്റു സംസ്ഥാന ഗവൺമെന്റുകളും പ്രൊമോഷന്റെ കാര്യത്തിൽ റിസർവ്വേഷൻ തത്വം പാലിക്കുന്നുണ്ടെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതിനെക്കുറിച്ചു കേരള ഗവൺമെന്റിനു പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമാന്വേഷണ കമ്മിറ്റി അന്വേഷിച്ച് വ്യക്തമായ ശുപാർശ സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലെങ്കിലും പ്രൊമോഷന്റെ കാര്യത്തിൽ റിസർവ്വേഷൻ തത്വം പാലിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതെല്ലാം ഗവൺമെന്റ് വളരെ വിശദമായി പരിശോധിച്ചതാണ്. ഇപ്പോൾ നിലവിലിരിക്കുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റ് സമ്പ്രദായം അനുസരിച്ചു പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് അവരുടെ ശതമാനം അനുസരിച്ച് ഉദ്യോഗം കൊടുക്കുന്നതിന് പര്യാപ്തമാകുമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്.

ശ്രീ. കെ. പി. രാമൻ: 27.7.1977 മുതൽ പട്ടിക വർഗ്ഗക്കാരുടെ വിഭാഗത്തിലേക്ക് മറ്റു പല വിഭാഗങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ട് അതുകൊണ്ട് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇത് ഇവിടെ മാത്രം കൈകാര്യം ചെയ്യേണ്ട പ്രശ്നമല്ല. ഇതിനെക്കുറിച്ചു കേന്ദ്ര ഗവൺമെന്റുമായി ആലോചിക്കേണ്ടതുണ്ട്. അതുകൊണ്ട് ഇപ്പോഴം അതിനെക്കുറിച്ച് വ്യക്തമായി മറുപടി പറയുവാൻ പ്രയാസമുണ്ട്.

ശ്രീ. കല്ലട് നാരായണൻ: സ്റ്റേറ്റർ പർച്ചേസ് ഡിപ്പാർട്ടുമെന്റിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഒരു സീനിയർ സൂപ്രണ്ടിനെ നിയമിച്ചു. പ്രൊമോഷന്റെ കാര്യം വന്നപ്പോഴം മറ്റൊരാഴക്കാണ് ലഭിച്ചത്. അതിനെക്കുറിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഒരു ഇൻഡിവിജ്വൽ കേസ് സിനെ പ്പറ്റി ഇപ്പോഴം ചോദിച്ചാൽ മറുപടി പറയാൻ വിഷമമുണ്ട്.

ശ്രീ. പി. പി. എസ് തോസ്: പട്ടികജാതി - പട്ടികവർഗ്ഗക്കാരെ ലോവർ റാങ്കിൽ മാത്രമാണ് റിക്രൂട്ടു ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടൊഴിവാക്കുവാൻവേണ്ടിയാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് കൊണ്ടുവന്നത്. എന്നാൽ സെക്രട്ടേറിയറ്റിലും പി. എസ്. സി. യിലും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരിൽനിന്നും മത മേധാവിത്വത്തിന്റെ പേരിലും, ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ പേരിലും പല പ്രതിബന്ധങ്ങളും സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഈ ഉദ്യോഗാർത്ഥികളുടെ ആക്ഷേപം പല പത്രങ്ങളിലും വന്നിട്ടുണ്ട്. ആ പരാതിക്ക് പരിഹാരം ഉണ്ടാക്കുവാനായിട്ട് ഡെപ്യൂട്ടേഷൻ സമ്പ്രദായം ഒഴിവാക്കി പ്രൊമോഷൻ വേഗത്തിൽ നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഗവൺമെന്റിന്റെ അംഗീകൃത നയമാണ്. ഗവൺമെന്റ് ബോധപൂർവ്വം അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആരെങ്കിലും എന്തെങ്കിലും തടസ്സമുണ്ടാക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അതൊന്നും ഇതിന് തടസ്സമാവില്ല. ഗവൺമെന്റ് അത്തരം തടസ്സങ്ങം മാറ്റുന്നുണ്ട്. ഒഴിച്ചുകൂടാൻ പാടില്ലാത്തതൊഴിച്ചു അനാവശ്യമായ ഡെപ്യൂട്ടേഷനിൽ ആളുകളെ കൊണ്ടുവരുവാൻ ഗവൺമെന്റ് അനുവദിക്കുകയില്ല.

ശ്രീ. ടി. എം. ജേക്കബ്: പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽനിന്ന് മതപരിവർത്തനം ചെയ്ത ആളുകൾക്ക് ഗവൺമെന്റ് സർവ്വീസിൽ മതീയായ പ്രാതിനിധ്യം കിട്ടുന്നില്ലെന്ന പരാതി നിലവിലുണ്ട്. മത പരിവർത്തനം ചെയ്ത ആളുകളെകൂടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള അതേ ഉദ്യോഗസംവരണം പൂർണ്ണമായി നടപ്പാക്കാൻവേണ്ടി തീരുമാനിച്ചിട്ടുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് അതിന് അർഹതയില്ലാത്ത മറ്റു ആളുകൾക്കുകൂടി ബാധകമാക്കാൻ ഇപ്പോഴം അധികാരമില്ല. മറ്റു തരത്തിൽ എങ്ങനെ ഉദ്യോഗത്തിൽ കൂടുതൽ സൗകര്യം കൊടുക്കാമെന്ന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അടുത്ത കാലത്ത് ഒരു ശതമാനമായിരുന്നത് രണ്ടു ശതമാനമായി വർദ്ധിപ്പിച്ച വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമെന്ന് വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: പട്ടികജാതി പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥൻമാരുടെ പ്രമോഷനെ സംബന്ധിച്ചും മറ്റും ഉള്ള പരാതികളും കേൾക്കാൻ സെക്രട്ടേറിയറ്റിൽ ഒരു പ്രത്യേക സെൽ ഏർപ്പെടുത്തുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഗവൺമെൻറു തന്നെ ഏറ്റവും ഉന്നതമായ നിലവാരത്തിൽ ഈ കാര്യം പരിശോധിച്ചുകൊണ്ടിരിക്കുന്നുണ്ട്. നടപടികളും എടുക്കുന്നുമുണ്ട്. ഈ പശ്ചാത്തലത്തിൽ പ്രത്യേക സെൽ വേണമോ വേണ്ടയോ എന്ന പ്രശ്നമുണ്ട്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്താൻ തീരുമാനമെടുത്തതിനുശേഷം എത്ര പട്ടികജാതി പട്ടികവർഗ്ഗക്കാരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്?

ശ്രീ. പി. കെ. വാസുദേവൻ നായർ: നോട്ടീസ് വേണം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: സ്പെഷ്യൽ ഓർഡർ ഇഷ്യൂ ചെയ്യുന്ന സമയത്ത് അതിനു മുമ്പുണ്ടായിരുന്ന സാധാരണ ഓർഡറിലുള്ള കുഴപ്പമെല്ലാം ഒഴിവാക്കിക്കൊണ്ടല്ലേ സ്പെഷ്യൽ ഓർഡർ ഇഷ്യൂ ചെയ്യുന്നത്. ആ സ്പെഷ്യൽ ഓർഡർ അനുസരിച്ച് റിക്രൂട്ട്മെൻറ് നടത്തുന്നതിന് മുമ്പുണ്ടായിരുന്ന ഓർഡർ എങ്ങനെയാണ് തടസ്സമായി വരുന്നത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: റിക്രൂട്ട്മെൻറ് നടത്തുന്നതിനല്ല തടസ്സം. സ്പെഷ്യൽ റിക്രൂട്ട്മെൻറ് അനുസരിച്ചു ഒരാളെ ഉദ്യോഗത്തിൽ എടുത്തിട്ട് അവിടെനിന്ന് പ്രമോഷന് തടസ്സം ഉണ്ടാകുന്നു, സ്പെഷ്യൽ റൂൾ അതിനുവേണ്ടി ഉണ്ടാക്കിയിട്ടുണ്ടോയെന്നാണ് ചോദ്യം.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യം മതത്തിൻെറ അടിസ്ഥാനത്തിലാണോ അതോ സാമുദായിക പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലാണോ നിശ്ചയിക്കുന്നത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: പട്ടികജാതിക്കാർക്കുള്ള ആനുകൂല്യം എങ്ങനെയാണെന്ന് ഈ രാജ്യത്തെ എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്.

ശ്രീ. വി. കെ. രാജൻ: പ്രമോഷൻെറ കാര്യത്തിലായാലും പുതിയ നിയമനത്തിൻെറ കാര്യത്തിലായാലും ആദിവാസികൾക്കു കിട്ടേണ്ട രണ്ടു ശതമാനം ഇപ്പോഴും കിട്ടുന്നില്ലെന്നുള്ളത് പരിഗണിച്ച് രണ്ടു ശതമാനം പൂർണ്ണമായും കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പ്രത്യേകിച്ചും പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ ഇടയിൽനിന്ന് സ്പെഷ്യൽ റിക്രൂട്ട്മെൻറിനു തന്നെ അപേക്ഷ ക്ഷണിക്കുമ്പോഴും ആപ്ലിക്കേഷൻസ് തന്നെ കിട്ടാറില്ല. ആളുകളെ കിട്ടുന്നതിന് പലപ്പോഴും ബുദ്ധിമുട്ടുണ്ട്, പലപ്പോഴും ശതമാനം തികയാതെ വരുന്നുണ്ട്. കഴിവിൻെറ പരമാവധി ആളുകളെ കണ്ടുപിടിച്ച് കൊടുക്കാൻ നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly